# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 951 | 01/03/2017 -ൽ മറുപടിക്ക്

## ഉപയോഗമില്ലാതെ കിടക്കുന്ന വാട്ടർ ടാങ്കുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ് | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) അരൂർ മണ്ഡലത്തിൽ അരൂർ, തൈക്കാട്ടുശ്ശേരി ഉൾപ്പെടെ വിവിധ പഞ്ചായത്തുകളിൽ ഉപയോഗമില്ലാതെ കിടക്കുന്ന വാട്ടർ ടാങ്കുകൾ പൊളിച്ച് നീക്കി അതാത് പഞ്ചായത്തുകൾക്ക് സ്ഥലം മടക്കി നൽകുവാൻ നടപടി സ്വീകരിക്കുമോ; | (എ) അരൂർ മണ്ഡലത്തിൽ അരൂർ. തൈക്കാട്ടുശ്ശേരി, ഉൾപ്പെടെ വിവിധ പഞ്ചായത്തുകളിൽ ഉപയോഗമില്ലാതെ കിടക്കുന്ന വാട്ടർ ടാങ്കുകൾ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത വാട്ടർ ടാങ്ക് നിലനിൽക്കുന്ന സ്ഥലം പഞ്ചായത്തുകൾക്ക് വിട്ടുനല്കുന്നത് സംബന്ധിച്ച അപേക്ഷ കേരള വാട്ടർ അതോറിറ്റി പരിശോധിച്ചുവരുന്നു. |
| (ബി) അരൂർ പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്കായി വിട്ടു നൽകിയ സ്ഥലം ഒരാവശ്യത്തിനും ഉപയോഗിക്കാത്ത സാഹചര്യത്തിൽ സ്ഥലം പഞ്ചായത്തിന് മടക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) അരൂർ പഞ്ചായത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്കായി ഏറ്റെടുത്ത സ്ഥലം ജലഅതോറിറ്റിയുടെ മറ്റൊരു പദ്ധതിക്കും ആവശ്യമില്ലായെന്ന് ഉറപ്പ് വരുത്തിയ ശേഷം മാത്രമേ കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |
| (സി) നബാർഡ് സഹായത്തോടെ JICA പൈപ്പ് ലൈൻ എക്സ്റ്റൻഷന് ആകെ എത്ര രൂപയാണ് അനുവദിച്ചത്; കോടാംതുരത്ത്, പാണാവള്ളി ഉൾപ്പെടെയുള്ള പഞ്ചായത്തുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പദ്ധതികൾ കോൺട്രാക്ടർക്ക് പണം കിട്ടുന്നില്ല എന്ന കാരണത്താൽ നിർത്തിവച്ചിരിക്കുന്നതായി അറിയാമോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; | (സി) 60.544 കോടി രൂപയുടെ പെൻഡിംഗ് ബില്ലുകൾ പാസ്സാക്കി തുക കൊടുത്തതിനാൽ 22/02/2017-ൽ പ്രവൃത്തി പുനരാരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ചേർത്തല JICA പദ്ധതിയുടെ തടസ്സങ്ങൾ നീക്കുന്നതിനും മറവൻതുരുത്ത് ലൈൻ മാറ്റി സ്ഥാപിക്കുന്നതിനും മന്ത്രിമാരുടേയും എം.എൽ.എ-മാരുടേയും സാന്നിദ്ധ്യത്തിൽ കൈക്കൊണ്ട തീരുമാനം നടപ്പിലാക്കിയോയെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഡി) | മറവൻതുരുത്തിലെ ജി ആർപി പൈപ്പിന് പകരം അതേ റോഡിലൂടെ തന്നെ എം.എസ് പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ച് തിരുവല്ല ആസ്ഥാനമായുള്ള എ.ബി.ജി എൻജിനീയറിംഗ് എന്ന കമ്പനിയുമായി 07/02/2017-ൽ കരാർ ഒപ്പിട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ